# ബജറ്റ് പ്രസംഗം

**കുമാരി അഞ്ജു ബാലൻ,പ്രസിഡണ്ട്,തിരുനെല്ലി ഗ്രാമപഞ്ചായത്ത്)**

**പ്രിയമുള്ളവരെ,**

**ഭൂപ്രകൃതി മനോഹരമായ തിരുനെല്ലി പഞ്ചായത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും വനമാണ്. ഇത് ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നുണ്ട്. എന്നാൽ ജനങ്ങളും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം വർദ്ധിച്ചുവരുകയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വന്യമൃഗ പ്രതിരോധത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ശാശ്വത പരിഹാരമായിട്ടില്ല. എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 2 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. റസ്സൽക്കുന്ന്, ഓലഞ്ചേരി, അരീക്കര കാപ്പിക്കണ്ടി-ഇരുമ്പുപാലം, പാൽവെളിച്ചം-പുതിയൂർ പൂർത്തീകരിച്ചു.. വന്യമൃഗശല്യത്തിന് പരിഹാരമായാൽ കാർഷിക മേഖലയിൽ ഒരു പുത്തനുണർവ്വ് ഉണ്ടാകും.**

**നമ്മുടെ പഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റ് അവതരണമാണ് ഇന്ന് ഇവിടെ നടക്കുന്നത്. വയനാട് ജില്ലയിൽ കർണ്ണാടക സംസ്ഥാനത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്താണ് തിരുനെല്ലി. പ്രാധന ഭാഷ മലയാളമാണെങ്കിലും തമിഴും കർണ്ണാടകവും സംസാരിക്കുന്നവരും പഞ്ചായത്തിലുണ്ട്.50 ശതമാനത്തോളം വരുന്ന ജനസംഖ്യ ഗോത്രവർഗ വിഭാഗമാണ് അവർ മലയാളത്തോടെപ്പം അവരുടെ ഗോത്രഭാഷയും ഉപയോഗിക്കുന്നു.പല ജില്ലകളിൽ നിന്നും കുടിയേറിപാർക്കുന്നവരാണ് ജനറൽ വിഭാഗത്തിൽപ്പെട്ടവർ. കർണ്ണാടകത്തിൽ നിന്നും കുടിയേറിയ ചെട്ടി സമുദായത്തിൽപ്പെട്ടവരും ഇവിടെയുണ്ട്. അതുകൊണ്ട് തന്നെ ഇവിടെ സമ്മിശ്രസംസ്കാരമാണ് നിലനിൽക്കുന്നത്.**

**കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകികൊണ്ട് നെൽകർഷകരെ സഹായിക്കാനും ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിക്കും അരക്കോടി രൂപ വീതം വകയിരിത്തിയിട്ടുണ്ട്. വിവിധ ജലസേചന കനാലുകളുടെ നിർമ്മാണത്തിന് 30 ലക്ഷം രൂപ വകയിരുത്തി. കുടുംബശ്രീ പ്രവർത്തകർക്ക് നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയ്ക്ക് സഹായം നൽകുന്നു.തനത് വിളകളെ സംരക്ഷിക്കുന്നതിനും പരിപോഷിക്കുന്നതിനുമായി ജൈവോൽസവവും ഗോത്ര ഫസ്റ്റും നടത്താൻ തീരുമാനിച്ചിട്ടുണ്ട്.**

**നിലവിലുള്ള പാൽവെളിച്ചം കുടിവെള്ള പദ്ധതിയും കാളിന്ദി കുടിവെള്ള പദ്ധതിയും കൂടാതെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ 47 കോടിയുടെ ജലജീവൻ പദ്ധതി**

**പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ 1600 ഗാർഹിക കണക്ഷനുകളുണ്ട്. പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിവരുന്നു. പഴയ വീടുകൾ പുനരുദ്ധീകരിക്കുന്നതിന് 20000000/ രൂപ വകയിരുത്തിയിട്ടുണ്ട്. ജനറൽ മേഖലയിൽ ഭവന പുനരുദ്ധാരണത്തിന് 6000000/ രൂപയും വകയിരുത്തി. അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് പദ്ധതിയിൽ വീട് അനുവദിച്ചിട്ടുണ്ട്.**

**വിദ്യാഭ്യാസ മേഖലയിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. എല്ലാ സ്കൂളുകളിലും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനായി മെന്റർ ടീച്ചർമാരെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.**

**വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി ആരംഭിച്ച ബഡ്സ് പാരഡൈസ് സ്കൂളിന്റെ പ്രവർത്തനം സംസ്ഥാനത്ത് ആകെ അറിയപ്പെടുന്നനിലവാരത്തിലേക്ക് ഉയർന്നത് നമ്മുക്ക് അഭിമാനിക്കാവുന്നതാണ്.സംസ്ഥാന കലോൽസവത്തിൽ വയനാട് ജില്ലയ്ക്ക് 1-ാം സ്ഥാനം ലഭിച്ചപ്പോൾ നമ്മുടെ സ്കൂളിന്റെ പോയന്റായിരുന്നു ഭൂരിഭാഗവും. ഈ വർഷം സ്കൂളിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.**

**അതിദരിദ്രരായവർക്ക് മരുന്നും ഭക്ഷവും നൽകിവരുന്നു. മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രശംസനീയമാണ്. കാട്ടിക്കുളം ടാൺ ആഴ്ചയിൽ 2 ദിവസം ശുചീകരിക്കുന്നുണ്ട്.**

**സ്ത്രീശാക്തീകരണ രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം എടുത്തുപറയേണ്ടതാണ്.കുടുംബശ്രീ മിഷനും ത്രിതല പഞ്ചായത്ത് സംവിധാനവും ചേർന്ന് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.പഞ്ചായത്ത് ദ്വിവർഷ പദ്ധതിയായി 60 ലക്ഷം രൂപ ചിലവഴിച്ച് ഷീ ലോഡ്ജ് പദ്ധതി പൂർത്തികരിച്ചിട്ടുണ്ട്.**

**നികുതി നിർണ്ണയം, പെർമിറ്റ് ഫീ , വാടക എന്നിവയിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി ടൂറിസം പദ്ധതി പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാകും. ആരോഗ്യ മേഖലയിൽ 2 ഫാമിലി ഹെൽത്ത് സെന്ററുകൾ, ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്ന് വാങ്ങാൻ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അപ്പപാറ കുടുംബാരോഗ്യകേന്ദ്രത്തിൽ ഗർഭകാലപരിചരണ കേന്ദ്രത്തിന് 20 ലക്ഷം രൂപയും, പെയിൻ ആന്റ് പാലിയേറ്റീവിന് 20 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.**

**സമഗ്ര മേഖലകൾക്കും ഫണ്ട് വകയിരുത്തികൊണ്ടാണ് 2026-27 വർഷത്തെ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.**

**ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മുഴുവൻ ജനപ്രിതിനിധികളുടെയും പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണം അഭ്യർത്ഥിച്ച് കൊണ്ട് വിശദമായ ബജറ്റ് അവതരണതിന് ബഹുമാന്യനായ വൈസ് പ്രസിഡണ്ട് കെ.റ്റി ഗോപിനാഥനെ സ്നേഹപൂർവ്വം ക്ഷണിച്ച്കൊള്ളുന്നു.**

**2026–27 സാമ്പത്തിക വർഷത്തെ ബജറ്റ്**

**(അവതരണം: കെ.റ്റി ഗോപിനാഥൻ വൈസ്പ്രസിഡണ്ട്)**

**ബഹുമാന്യരേ,**

**തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2026–27 സാമ്പത്തികവർഷത്തെ ബജറ്റ് ഭരണസമിതി മുൻപാകെ അവതരിപ്പിക്കുന്നു. ഈ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് അവതരിപ്പിക്കുന്നത്. അതിൽ അതിയായ സന്തോഷമുണ്ട്. 2025–26 വർഷത്തെ പദ്ധതികൾ വേഗത്തിലും സമയബന്ധിതമായും നടപ്പിലാക്കാൻ സഹകരിച്ച എല്ലാ വ്യക്തികളെയും സ്ഥാപനങ്ങളെയും, ജീവനക്കാരെയും മുഴുവൻ ജനങ്ങളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.**

**പ്രാദേശിക വികസനത്തിന് പങ്കാളിത്ത മാതൃകയിലൂടെ കേരളത്തിൽ പുതിയ വികസന ചരിത്രം സൃഷ്ടിക്കുവാൻ ജനകീയാസൂത്രണ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതിലൂടെ അധികാരം താഴെത്തട്ടിലേക്ക് കൈമാറി. സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ 40% തുക ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയതിലൂടെ അവിസ്മരണീയമായ വികസന മുന്നേറ്റം കൈവരിക്കുവാൻ സാധിച്ചു. കൃഷി, ജൈവ സമ്പത്ത്, വീട്, കുടിവെള്ളം, വൈദ്യുതി, റോഡ്, ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് കലാകായിക സാംസ്ക്കാരിക രംഗങ്ങളിലെല്ലാം അസൂയാവഹമായ നേട്ടം കൈവരിക്കുവാൻ ജനകീയാസൂത്രണ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.**

**കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി 2022 ഏപ്രിൽ 1 ന് ആരംഭിച്ചിരിക്കുകയാണ്. കേരളത്തിൽ ജനകീയാസൂത്രണം ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. കേരളത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും രാജ്യത്തിനുതന്നെ മാതൃകയാണ്. കേരളം അഭിമുഖീകരിച്ച രണ്ട് പ്രളയവും കോവിഡ് മഹാമാരിയും ജനകീയ**

**കൂട്ടായ്മയിലൂടെ അതിജീവിക്കുന്നതിന് പ്രാദേശിക സർക്കാരുകൾ വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്.**

**കൃഷി, ക്ഷീരവികസനം,കുടിവെള്ളം, പട്ടിക വർഗ്ഗ വീടുകളുടെ നിർമ്മാണം, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക, ശുചിത്വ പഞ്ചായത്ത് എന്നീ മേഖലകൾക്ക് ഈ വർഷത്തെ ബജറ്റ് മുൻതൂക്കം നൽകുന്നു. കൂടാതെ വനിതാവികസന രംഗത്തും നേട്ടം ഉണ്ടാകുന്ന പദ്ധതികൾക്കും തുടക്കം കുറിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന പദ്ധതിവിഹിതത്തിൽ നിന്നും നിർബന്ധിത വകയിരുത്തൽ കഴിച്ച് ബാക്കിയുള്ള തുകയും ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകളും ഉപയോഗിച്ചാണ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്.**

**<u>വരവ് വിവരങ്ങൾ</u>**

- **വസ്തുനികുതി –** 201.16 ചതുരശ്ര കി.മീ ഉള്ള ഈ പഞ്ചായത്തിൽ 19 വാർഡുകളിൽ 13364 കെട്ടിടങ്ങളാണുള്ളത്. 9236 പാർപ്പിടാവിശ്യത്തിനുള്ള കെട്ടിടങ്ങളും, 1159 വാണിജ്യ ആവിശ്യത്തിനുള്ള കെട്ടിടങ്ങളും 229 റിസോർട്ടുകളും 2740 ഓഫീസുകൾ മറ്റ് കെട്ടിടങ്ങൾ മുതലായവയാണ്. 01.04.2023 മുതൽ നികുതി പുനർ നിർണ്ണയിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ 5 രൂപയിൽ നിന്നും 7 രൂപയാക്കുകയും മറ്റ് കെട്ടിടങ്ങൾ ആനുപാതികമായ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഫീൽഡ് സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. ഫീൽഡ് സർവ്വേ പൂർത്തീകരിച്ചാൽ നിലവിലുള്ള പല കെട്ടിടങ്ങൾക്കും വിസ്തീർണത്തിൽ വർദ്ധനവ് വരാൻ സാധ്യതയുണ്ട് .അത് പ്രകാരം വസ്തു നികുതിയിലും വർദ്ധനവ് വരാൻ സാധ്യതയുണ്ട്. ആയത് പരിഗണിച്ച് വസ്തു നികുതിയിൽ ഒരു കോടി രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു.

- **തൊഴിൽ നികുതി –** പഞ്ചായത്തിൽ 1159 കെട്ടിട നമ്പറുകളിലായി 452 കച്ചവട സ്ഥാപനങ്ങൾക്കും റിസോർട്ടുകൾക്കും ലൈസൻസ് നൽകുന്നുണ്ട്. കച്ചവട സ്ഥാപനത്തിനും റിസോർട്ടുകൾക്കും തൊഴിൽ നികുതി ഇനത്തിൽ കുറഞ്ഞത് 120 രൂപയും അധികരിച്ചത് 1250 രൂപയുമാണ് അർദ്ധ വർഷത്തേക്ക് ചുമത്തുന്നത്.അതുപോലെ --- സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഒരു വർഷത്തേക്ക് പരമാവധി 2500 രൂപയാണ് ഈടാക്കി വരുന്നത്.ഈ ബഡ്ജറ്റിൽ തൊഴിൽ നികുതി ഇനത്തിൽ 27 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.
- **വാടക –** നിലവിൽ പഞ്ചായത്തിൽ രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലായി 27 മുറികളാണുള്ളത്. പഞ്ചായത്ത് ബസ്റ്റാന്റിലെ നിലവിലുള്ള റൂമുകൾ റിപ്പയർ ചെയ്ത് ഷോപ്പിംഗ് കോപ്ലക്സ് ആക്കിമാറ്റുന്നതിന് 20 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. അതുപോലെ വനിതകൾക്കായുള്ള വിപണന കേന്ദ്രം കെട്ടിടനിർമ്മാണം പദ്ധതിയ്ക്ക് 60 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. ഈ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിലൂടെയും നിലവിലുള്ള കെട്ടിടങ്ങളുടെ വാടക വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. നിലവിലുള്ള ഓഡിറ്റോറിയം, സ്റ്റേഡിയം പഞ്ചായത്ത് കമ്യൂണിറ്റി ഹാൾ മുതലായവ വാടകയ്ക്ക് നൽകുന്നതിലൂടെയും കൂടുതൽ വരവ് പ്രതീക്ഷിക്കുന്നു. ആയതിലൂടെ 31 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.
- **ലൈസൻസ് ഫീസ്**

  പഞ്ചായത്തിൽ 1159 കെട്ടിട നമ്പറുകളിലായി 452 കച്ചവട സ്ഥാപനങ്ങൾക്കും 48 റിസോർട്ടുകൾക്കുമാണ് 2025-26 സാമ്പത്തിക വർഷം ലൈസൻസ് നൽകിയിരിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ

കച്ചവട സ്ഥാപനങ്ങൾക്കും റിസോട്ടുകൾക്കും ലൈസൻസ് നൽകുന്നതിലൂടെ 18 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.

- **കെട്ടിട നിർമ്മാണ നിയന്ത്രണ ചട്ടം**

  2023 ഏപ്രിൽ മാസം മുതൽ കെട്ടിട നിർമ്മാണ പെർമ്മിറ്റുകളുടെ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് എന്നിവ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ഏറ്റവും ടൂറിസം സാധ്യതയുള്ള പഞ്ചായത്താണ് തിരുനെല്ലി. നിലവിൽ തിരുനെല്ലി പഞ്ചായത്തിലെ ഭൂരിപക്ഷ ഭൂമികളും LA ,DK പട്ടയത്തിൽപെട്ട റെവന്യൂ ഭൂമികളാണ്. കേരള സർക്കാർ ഭൂപതി നിയമം ഭേദഗതി ചെയ്യുന്നതിന് തീരുമാനിക്കുകയും ബിൽ പാസാക്കുകയും ചെയ്തിട്ടുണ്ട്.ഭൂപതി ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നാൽ കെട്ടിട നിർമ്മാണം കൂടുതലായി നടക്കാൻ സാധ്യതയുണ്ട്.ആയതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഇനത്തിൽ 38 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.

- വിവാഹ രജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ, ഫൈൻ, യൂസർ ചാർജ്ജ്, ഫോറം വിലകൾ മുതലായവയിലൂടെ 16 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.
- ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2 കോടി 6 ലക്ഷം രൂപയും പദ്ധതി വിഹിതം ഇനത്തിൽ 8 കോടി 89 ലക്ഷം രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 4 കോടി 31 ലക്ഷം രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2 കോടി 14 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.
- കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 19 കോടി രൂപയും അനുപൂരക പോഷകാഹാര ഇനത്തിൽ 30 ലക്ഷം രൂപയും ശുചിത്വ മിഷൻ ഫണ്ട് ഇനത്തിൽ 1.5 കോടി രൂപയും പ്രതീക്ഷിക്കുന്നു.

- എം.എൽ.എ ഫണ്ട്, കോർപ്പസ് ഫണ്ട് , നബാർഡ് സ്കീം എന്നീ ഇനത്തിൽ 1 കോടി രൂപ പ്രതീക്ഷിക്കുന്നു.
- വിവിധ നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ ഇനത്തിൽ 16.5 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു
- നിക്ഷേപങ്ങൾ കണ്ട് കെട്ടൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതലായവകളിൽ നിന്നും 2 ലക്ഷം രൂപയും പ്രതീഷിക്കുന്നു
- ഹഡ്കോ ഭവന നിർമ്മാണ വായ്പ എടുക്കുന്നതിലൂടെ 6 കോടി 3 ലക്ഷം രൂപയും പ്രതീഷിക്കുന്നു.

**ആകെ വരവ്**

മുൻബാക്കി –
2026-27 പ്രതീക്ഷിക്കുന്ന വരവ് –65 കോടി 77 ലക്ഷം

ബജറ്റ് നോട്ട് 20262-7

1. നികുതി നികുതിയേതര വരുമാനം വിവിധ ഗ്രാന്റുകളും ഫണ്ടുകളും എന്നിയിനങ്ങളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വരവുകള്

| ക്രമനം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | നികുതി വരവുകള് | 17700000 |
| 2 | നികുതിയേതര വരവുകള് | 14017000 |
| 3 | ജനറൽ പർപ്പസ് | 24790000 |
| എ) | ആകെ തനത് ഫണ്ട് | 56507000 |
| | വികസന ഫണ്ട് ജനറൽ | 41721000 |
| | വികസന ഫണ്ട് എസ്.സി.പി | 1668000 |
| | വികസന ഫണ്ട് ടി.എസ്.പി | 45545000 |
| | കേന്ദ്ര ധനകാര്യ കമ്മീഷന് ഗ്രാന്റ് | 21804000 |
| | മെയിന്റനൻസ് ഫണ്ട് - റോഡ് | 30380000 |
| | മെയിന്റനൻസ് ഫണ്ട് - റോഡിതരം | 12724000 |
| **ബി** | **ആകെ വികസനഫണ്ടുകൾ, മെയിന്റനൻസ് ഫണ്ടുകള്** | 153842000 |
| മറ്റ് ഗ്രാന്റുകളും ഫണ്ടുകളും | | |
| | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 191163832 |
| | ഐ.സി.ഡി.എസ് കേന്ദ്ര ഫണ്ട് വിഹിതം | 6000000 |
| | സംസ്ഥാനാവിഷ്കൃത പദ്ധതികൾ മറ്റ് വരവുകള് | 161850000 |
| | ധനകാര്യ സ്ഥാപനങ്ങള് സർക്കാർ സ്ഥാപനങ്ങളില് നിന്നുള്ള വരവുകള് | 60300000 |
| | മറ്റ് വരവുകള് | 28000000 |
| സി | ആകെ മറ്റ് ഗ്രാന്റുകളും ഫണ്ടുകളും | 447313832 |
| | ഒട്ടാകെ ( എ ബി സി) | 657662832 |

**ചെലവ്**

**കൃഷി**

**തിരുനെല്ലി ഗ്രാമപഞ്ചായത്ത് കർഷകരും കർഷക തൊഴിലാളികളും താമസിക്കുന്നതും കാപ്പി, കുരുമുളക്, നെല്ല് എന്നീ കൃഷികൾ ധാരാളമായി ചെയ്യുന്ന ഒരു പഞ്ചായത്താണ്. 476 ഹെക്ടർ സ്ഥലത്ത് 2025–26 വർഷത്തിൽ**

**നെൽകൃഷി ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ആലത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്ന പേരിൽ നടപ്പിലാക്കുന്നതിലൂടെ 30 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിക്ക് വെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾ ക്രിഷി ചെയ്യുന്ന 483 എണ്ണവും അതിൽ 165 എണ്ണം എസ്.റ്റി ഗ്രൂപ്പുകളുമാണ്. ഇവർക്ക് കുടുംബശ്രീ മുഖേന ലോൺ സമാഹരിച്ച് കൃഷി നടത്തുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ നെൽകൃഷി ചെയ്തതിനെക്കാൾ കൂടുതൽ സ്ഥലത്ത് 2026-27 വർഷം നെൽകൃഷി ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം നെൽകൃഷി കൂലിച്ചിലവ് സബ്സിഡി ഇനത്തിൽ ജനറൽ വിഭാഗത്തിൽ 50 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിൽ 3 ലക്ഷം രൂപയും അടക്കം 53 ലക്ഷം രൂപ നീക്കി വെക്കുന്നു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനസേചന കനാൽ, പൈപ്പ് ലൈൻ നീട്ടൽ എന്നിവയ്ക്കായി 15 ലക്ഷം രൂപയും. പരമ്പരാഗതമായ വിത്തുകളുടെ പ്രദർശനം നടത്തുന്നതിനും മറ്റുമായി 2 ലക്ഷം രൂപയും വകയിരുത്തുന്നു.**

**<u>മൃഗ സംരക്ഷണം ക്ഷീര വികസനം</u>**

**ഈ പഞ്ചായത്തിൽ 5 ക്ഷീരസംഘങ്ങളാണുള്ളത്. ഇതിൽ 985 കർഷകർ പാൽ അളക്കുന്നുണ്ട്.2025-26 സാമ്പത്തിക വർഷത്തിൽ 90 തൊഴുത്തും 79 ആട്ടിൻ കൂടും 55 കോഴിക്കൂടും മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 50 തൊഴുത്തും 60 ആട്ടിൻ കൂടും 60 കോഴിക്കൂടും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് വേണ്ടി 70 ലക്ഷം രൂപ നീക്കി വെക്കുന്നു. 985 ക്ഷീരകർഷകർ പാൽ അളക്കുന്നുണ്ട് അവർക്ക് സബ്സിഡി നൽകുന്നതിന് വേണ്ടി 52 ലക്ഷവും രൂപ നീക്കി വെക്കുന്നു സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയ്ക്ക് 10 ലക്ഷം**

വകയിരുത്തുന്നു. ഇതടക്കം മൊത്തം ഉത്പാദന മേഖലയിൽ 2 കോടി 16 ലക്ഷം രൂപ നീക്കി വെക്കുന്നു.

<u>ചെറുകിട വ്യവസായം സൂക്ഷ്മ സംരംഭങ്ങൾ</u>

പഞ്ചായത്തിൽ കുടുംബശ്രീ ജെ.എൽ.ജി സംരംഭകം മറ്റു ചെറുകിട സംരഭം എന്നിവ ഉൾപ്പടെ 165 സംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല വ്യവസായ വകുപ്പിന്റെ സബ്സിഡിയോട് കൂടി നടത്തുന്ന ചെറുകിട വ്യവസായങ്ങളും ഉണ്ട്. പഞ്ചായത്തിലെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് കൊടുക്കുന്നതിന് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 16 ലക്ഷം രൂപ നീക്കി വെക്കുന്നു. പ്ലാൻ ഫണ്ടിനത്തിൽ 4 ലക്ഷം രൂപയും നീക്കി വെക്കുന്നു.

ദാരിദ്ര്യ ലഘൂകരണം

സമൂഹത്തിൽ ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ആവഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ദാരിദ്ര്യ ലഘൂകരണ പദ്ധതി. 6 കോടി 3 ലക്ഷം രൂപ ഹഡ്കോ വായ്പ്പ എടുക്കുന്നതിലൂടെ പട്ടിക വർഗ ജനവിഭാഗങ്ങളുടെ വീട് നിർമ്മാണം പൂർത്തികരിക്കാൻ പറ്റും, ജനറൽ വിഭാഗക്കാരുടെ വീട് നിർമ്മാണത്തിന് 1 കോടി 50 ലക്ഷം രൂപ വകയിരുത്തുന്നു. ജനറൽ വിഭാഗക്കാരുടെ വീട് നിർമ്മാണത്തിന് വായ്പ്പ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുട്ട്. ഭവനരഹിതരും ഭൂമിയും ഭവനവുമില്ലാത്ത ധാരാളം ആൾക്കാർ ഈ പഞ്ചായത്തിലുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഭവന നിർമ്മാണത്തിന് മാത്രമായി 2 കോടി 86 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>പട്ടികജാതി പട്ടിക വർഗ്ഗ വികസനം</u>

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയുടെ പകുതിയിലധികവും പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട ജനവിഭാഗമാണ്.

പഞ്ചായത്തിന് ലഭ്യമാകുന്ന മൊത്തം പദ്ധതി വിഹിതത്തിൽ മൂന്നിലൊരുഭാഗം ഇവരുടെ സമഗ്രവികസനത്തിനായി വിനിയോഗിക്കുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിലെ പശ്ചാത്തല സംവിധാനം മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളം വൈദ്യുതി, പാർപ്പിടം എന്നിവ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞ പഞ്ചവൽസര പദ്ധതിയിലൂടെ സാധിച്ചു. പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട കുട്ടികളുടെ ആരോഗ്യനിലവാരം ഉയർത്തുന്നതിന് അങ്കണവാടി പോഷകാഹാരം, പ്രഭാതഭക്ഷണം എന്നീ പദ്ധതികൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുമായി ചേർന്നും കേന്ദ്ര സംസ്ഥാന വിഹിതം ഉപയോഗിച്ചും നടപ്പിലാക്കുന്നതിന് ശ്രമിക്കും. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നത് ഇല്ലാതാക്കാനും പഠനോപകരണ വിതരണം, ഉപരിപഠന ധനസഹായം, ഗോത്രസാരഥി,പഠനമുറി എന്നിങ്ങനെ വൈവിധ്യങ്ങളായ പദ്ധതികൾ 2026-27 വർഷം നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായി കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതകൾക്കുള്ള വിവിധ ഗ്രൂപ്പ് സംരംഭങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ നിലവാരം മെച്ചപ്പെടുത്താൻ അപ്പപ്പാറ ബേഗൂർ പി എച്ച് സി കളുടെ കീഴിലുള്ള ആരോഗ്യ പ്രവർത്തകരുടെ അക്ഷീണ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപെട്ട ഗർഭിണികളുടെ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിന് ഗർഭകാല പരിചരണം പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇവയ്ക്ക് പുറമെ പട്ടികവർഗ്ഗ വകുപ്പിന്റേയും പട്ടിടവർഗ്ഗക്ഷേമത്തിനായി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളും സംയോജിപ്പിച്ച് ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ പദ്ധതി പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുത്ത് നടപ്പിലാക്കുകയും ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്യേണ്ടതുണ്ട്.

പട്ടികജാതി വിഭാഗത്തിൽപെട്ട ജനവിഭാഗം ഈ പഞ്ചായത്തിൽ കുറവാണ്. എന്നിരുന്നാലും ലഭ്യമാകുന്ന പദ്ധതി വിഹിതം ഈ വിഭാഗത്തിന്റെ

സമഗ്രവികസനത്തിനായി ചെലവഴിക്കാൻ പരിശ്രമിക്കുന്നുണ്ട്. പല പദ്ധതികൾക്കും ഗുണഭോക്താക്കളെ കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്ന അവസ്ഥ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ 4 കോടി 7213000/ ലക്ഷം രൂപ നീക്കി വെക്കുന്നു.

.

<u>വനിതാ വികസനം</u>

വനിതകളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക നില ഉയർത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട കാർഷിക സംരംഭങ്ങൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങി ഒട്ടനവധി പദ്ധതികളിലൂടെ സ്ത്രീശാക്തീകരണം സാദ്ധ്യമായി. കൂടാതെ കുടുംബശ്രീ മിഷൻ മുഖേന സ്ത്രീകളുടെ ഉന്നമനത്തിനായി പദ്ധതിയിൽ നിരവധി ഗ്രൂപ്പ് സംരംഭങ്ങൾ വനിതകൾക്കായി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വനിതാഗ്രൂപ്പുകൾക്ക് കറവപശു വിതരണം, കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറികൃഷി, കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നെൽകൃഷി, വനിതകൾക്കായി വിപണനകേന്ദ്രം കെട്ടിട നിർമ്മാണം ഷീ ലോഡ്ജ് എന്നിവ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രധാന പദ്ധതികളാണ്. കൃത്യമായ മോണിട്ടറിംഗും ആവശ്യമുള്ള ഘട്ടങ്ങളിൽ കൃത്യമായ ഉദ്യോഗസ്ഥതലത്തിലുള്ള നിർദ്ദേശങ്ങളും ലഭ്യമാക്കിയാൽ മാത്രമെ ഇത്തരം പദ്ധതികൾ ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കുകയുള്ളു. സ്ത്രീകൾക്കെതിരെയുള്ള മാനസികവും ശാരിരികവുമായ അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിന് ഐ സി ഡി എസ് സൂപ്പർവൈസറുടെ നേതൃത്വത്തിൽ ഭരണസമിതിയുടെ പിന്തുണയോടെ ജാഗ്രാതാസമിതികൾ പ്രവർത്തനക്ഷമമാണ്. മദ്യപാനവും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും മൂലം പല കുടുംബങ്ങളിലും സ്ത്രീകൾ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്.

**ഇവ നിയന്ത്രിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് അധികാരികളുടെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ടത്. വനിതകളുടെ ക്ഷേമം മുൻ നിർത്തി 2026-27 സാമ്പത്തിക വർഷത്തിൽ ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതൽ പ്രധാനപ്പെട്ട പദ്ധതിയാണ് കാട്ടിക്കുളം ടൗണിൽ ഷീ ലോഡ്ജ് പദ്ധതി പൂർത്തീകരണം. അതു പോലെ അപ്പപ്പാറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിർമ്മിക്കുന്ന ഗർഭകാല പരിചരണ കന്ദ്രം പൂർത്തീകരിച്ച് യഥാർത്ഥ്യമാക്കുന്നതിനും സ്ത്രീ രോഗ നിർണ്ണയ ക്യാമ്പ് നടത്തുന്നതിനും ആവിശ്യമായ തുക നീക്കി വെച്ചിട്ടുണ്ട് ആയത് അടക്കം 82 ലക്ഷം രൂപ നീക്കി വെക്കുന്നു.**

**<u>ആരോഗ്യ മേഖല</u>**

**ഈ പഞ്ചായത്തിൽ നിലവിൽ 2 കുടുംബാരോഗ്യ കേന്ദ്രങ്ങളും 7 സബ് സെന്ററുകളുമാണ് ഉള്ളത്. ബേഗൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ.പി നടത്തുന്നുണ്ട്. അവിടെ പഞ്ചായത്ത് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നുണ്ട്. ഇവർക്ക് വേതനം നൽകുന്നതിന് 5 ലക്ഷം രൂപയും മരുന്ന് വാങ്ങുന്നതിന് വേണ്ടി 74 ലക്ഷം രൂപയും ആയുർവ്വേദ ഹോമിയോ എന്നീ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് 12 ലക്ഷം രൂപയും പുതിയതായി 2 സബ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി 10 ലക്ഷം രൂപ വകയിരുത്തി പദ്ധതി പൂർത്തികരിച്ചിട്ടുണ്ട്. മെന്റൽ ഹെൽത്ത് പ്രോഗ്രാം ജീവിത ശൈലി രോഗങ്ങളുടെ നിയന്ത്രണം മുതലായവയ്ക്കും ആവശ്യമായ തുക നീക്കിവെച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്ക് വേണ്ടി ഒരു കോടി 42 ലക്ഷം രൂപ നീക്കിവെക്കുന്നു. ബേഗൂർ പി.എച്ച്.സി യിൽ ഫിസിയോ തെറാപ്പി സെന്റർ നടപ്പിലാക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്.**

**<u>കുടിവെള്ളം</u>**

**കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഒരു പരിധിവരെ ജലനിധി പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനു പുറമെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ കിണർ- ടാങ്ക്, മോട്ടോർ പദ്ധതി, വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ, മഴവെള്ള സംഭരണി, കുഴൽകിണർ, കുളങ്ങൾ തുടങ്ങി**

ശ്രദ്ധേയമായ അടിസ്ഥാന സംവിധാനങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടിവെള്ളം രൂക്ഷമായ സമയത്ത് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. ജലനിധി പദ്ധതി പുനരുദ്ധാരണത്തിലൂടെ കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സാധിച്ചു. ജലജീവൻ മിഷൻ പദ്ധതി നിർവ്വഹണത്തിലൂടെ 2027 ഓടു കൂടി പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വീടുകളിലും ശുദ്ധജല വിതരണം ഉറപ്പാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ധനകാര്യ കമ്മീഷന്റെ പ്രത്യേക ഉദ്ദേശ ഗ്രാന്റായി ലഭിക്കുന്ന തുകയുടെ 50 ശതമാനം തുക കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. എന്നിരുന്നാലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനുവരി മുതലേ ജലക്ഷാമം നേരിടുന്നുണ്ട്. ഇതിന് സുസ്ഥിരമായ ഒരു പരിഹാരം അനിവാര്യമാണ്. വിവിധ കിണറുകൾ നിർമ്മാണം, കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ വരൾച്ചയുള്ള സമയത്തെ കുടിവെള്ള വിതരണം എന്നിവയക്ക് മതിയായ തുക നീക്കിവെച്ചിട്ടുണ്ട്. കുടിവെള്ള മേഖലയിൽ 94 ലക്ഷത്തി 62 ആയിരം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുചിത്വം</u>

മാലിന്യമുക്ത പഞ്ചായത്തായി തിരുനെല്ലി ഗ്രാമപഞ്ചായത്തിനെ ഉയർത്തുന്നതിന് ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 26 ലക്ഷം വകയിരുത്തുന്നു. 2015 ൽ ആരംഭിച്ച ഒ ഡി എഫ് പദ്ധതിയിലൂടെ പഞ്ചായത്ത് വെളിയിട വിസർജ്ജനവിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. ശുചിത്വമിഷനുമായി സംയോജിപ്പിച്ച് ഗാർഹിക ടോയ്‌ലറ്റ്, കമ്മ്യൂണിറ്റി ടോയ്‌ലറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഗാർഹിക ജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ശുചിത്വമിഷന്റെ സഹകരണത്തോടെ നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ സഹകരണത്തോടെ പഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിന് വീടുകളിൽ നിന്നും കടകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ചെറിയൊരു തുക യൂസർഫീയായി കളക്ട് ചെയ്തു കൊണ്ട് മാലിന്യം ശേഖരിക്കുകയും അവ പഞ്ചായത്തിന്റെ എം സി എഫിൽ കൊണ്ടുവന്ന് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. ധനകാര്യ കമ്മീഷന്റെ പ്രത്യേക ഉദ്ദേശ ഗ്രാന്റായി ലഭിക്കുന്ന തുകയുടെ 50 ശതമാനം തുക മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും

**പഞ്ചായത്തിനെ പൂർണ്ണമായും മാലിന്യവിമുക്തമാക്കാൻ സാധിച്ചിട്ടില്ല. കടകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് ശാശ്വതമായ ഒരു മാർഗ്ഗം ഇനിയും നടപ്പിലാക്കേണ്ടിയിരിക്കുന്നു. ടൂറിസം മേഖല വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഈ മേഖലയിലെ വളർച്ച മൂലം രൂപം കൊള്ളുന്ന മാലിന്യം സംസ്ക്കരിക്കുന്നതിന് ഉതകുന്ന ഒരു സംവിധാനം രൂപം കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 34 ഹരിതകർമ്മസേനകളുടെ പ്രവർത്തനം ശ്ലാഘനീയമാണ്. ശരാശരി ഒരുമാസം ഒന്നര ലക്ഷം രൂപ യൂസർ ഫീ ഇനത്തിൽ ലഭിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എസ്.ബി.എം ഫേസ് 2 പ്രകാരം 2 കോടി രൂപ അനുവദിച്ചതിൽ ഒരു കോടി രൂപ ചിലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിവലുള്ള എം.സി.എഫ് വിപുലീകരിക്കുന്നതിന് വേണ്ടി 28 ലക്ഷം രൂപ എസ്.ബി.എം ഫണ്ടും തിരുനെല്ലി അമ്പലത്തിനു സമീപം ടേക്ക് എ ബ്രേക്ക് ടോയിലറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് 40 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. തിരുനെല്ലി പഞ്ചായത്തിനെ മാലിന്യ മുക്തമാക്കി ശുചിത്വ പഞ്ചായത്തായി മാറ്റുന്നതിനായി 1 കോടി 85 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. നെട്ടറ ഗ്രാമം വൃത്തിയാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ പ്രാഥമിക കടമയാണ്. ആയതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്.**

**<u>സാമൂഹ്യ ക്ഷേമം</u>**

**അംഗൺവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും, ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് ശിശുസൗഹൃദമാക്കുന്നതിനും കഴിഞ്ഞ പഞ്ചവൽസര പദ്ധതികാലത്തെ പദ്ധതി നിർവ്വഹണത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 40 അങ്കണവാടികൾ നിലവിലുണ്ട്. 39 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. എല്ലാ അങ്കണവാടികളിലും കെട്ടിടം, കുടിവെള്ളം, വൈദ്യുതി, കളിക്കോപ്പുകൾ പഠനോപകരണങ്ങൾ, ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിന് പോഷകാഹാര വിതരണത്തിലൂടെ സാധിച്ചിട്ടുണ്ട്.**

**ഭിന്നശേഷിയുള്ള 56 കുട്ടികളുമായി ഒരു ബഡ്സ് സ്കൂളും തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നിരന്തരം പരിശ്രമിക്കുന്ന 1 അധ്യാപകനേയും 2 ആയമാരേയും സ്കൂളിൽ നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനുള്ള യാത്രാസൗകര്യം, അവർക്കാവശ്യമായ ഭക്ഷണം,**

പഠനോപകരണങ്ങൾ എന്നിവ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ ചികിൽസാ സൗകര്യങ്ങളും, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി എന്നിവയ്ക്കുള്ള സൗകര്യമേർപ്പെടുത്തുകയും ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികളുടെ അമ്മമാർ കുട്ടികളോടൊപ്പം ചെലവഴിക്കുന്ന സമയത്ത് വരുമാനദായകമായ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

സംസ്ഥാന തലത്തിൽ സ്കൂൾ കലോത്സവത്തിൽ വയാനാട് ജില്ലക്ക് ഒന്നാം സ്ഥാനം കിട്ടിയപ്പോൾ കൂടുതൽ പോയന്റും കരസ്ഥമാക്കിയത് തൃശ്ശിലേരിയിലെ ബഡ്സ് സ്കൂളാണ്.സംസ്ഥാനത്ത് ഏറ്റവും നന്നായി ജൈവകൃഷി ചെയ്യുന്നതിന് ഏറ്റവും നല്ല സ്കൂളായി തിരഞ്ഞെടുത്തു. 2026–27 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷികാർക്ക് കോഴി വിതരണം, ബഡ്സ് സ്കൂൾ പ്രവർത്തനം, അംഗൺവാടി പോഷകാഹാരം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ, വയോജനങ്ങൾക്ക് കട്ടിൽ വിതരണം, ഭിന്നശേഷി കായിക മത്സരം, പകൽ വീടുകളുടെ നിർമ്മാണം, എന്നീ പദ്ധതികൾക്ക് 1 കോടി 63 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവെക്കുന്നു.

<u>വിദ്യാഭ്യാസം കല സംസ്ക്കാരം</u>

വിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവുകൾ രൂപപ്പെടുത്തുന്നതിനും കാര്യക്ഷമ മാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഹൈടെക്കാക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേ ക്കെത്തിക്കുന്നതിനും സാധിച്ചു. പതിമൂന്നാം പഞ്ചവൽസരപദ്ധതി കാലത്തെ സമ്പൂർണ്ണ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പഠനത്തൊടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാനും അവരുടെ സർഗ്ഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കാനും ഈ പഞ്ചവൽസര പദ്ധതികാലത്ത് കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന്റെ ഭാഗമായി യാത്രാസൗകര്യം ഇല്ലാത്ത വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ എത്തിക്കാൻ ഗോത്രസാരഥി പദ്ധതിയിലൂടെ സാധിച്ചു. പ്രഭാതക്ഷണ വിതരണത്തിലൂടെ വിദ്യാർത്ഥികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

**ഇങ്ങനെയൊക്കെയാണെങ്കിലും പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ ഹൈസ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാതെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന സ്ഥിതി ഇപ്പോഴുമുണ്ട്. പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ച് ഈ മേഖലയിലുള്ള വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് അവരുടെ ഗോത്രസംസ്ക്കാരത്തോട് ഇഴകിചേരുന്ന രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. തിരുനെല്ലി പഞ്ചായത്തിലെ ഭൂരഭാഗം സ്കൂളുകളും കാടിനാൽ ചുറ്റപ്പെട്ടതും വീടും സ്കൂളുമായി ദൂരം കൂടുതലുള്ളതും ആയതു കൊണ്ട് തന്നെ പ്രഭാതത്തിൽ ഭക്ഷണം കഴിച്ച് സ്കൂളിൽ എത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. ജനറൽ വിഭാഗത്തിലും പട്ടികവർഗ്ഗ വിഭാത്തിലുമായി 35 ലക്ഷം രൂപ നീക്കി വെക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ സമഗ്ര വികനം പ്രതീക്ഷിച്ചുകൊണ്ട് ഈ ബഡ്ജറ്റിൽ 1 കോടി 11 ലക്ഷം രൂപ വകയിരുത്തുന്നു**

**<u>പൊതുമരാമത്ത്</u>**

**പശ്ചാത്തല മേഖലയുടെ സമഗ്ര വികസനം കഴിഞ്ഞ പഞ്ചവൽസര പദ്ധതി കാലത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളിലൂടെ സാധിച്ചു. പ്രധാന പാതകൾക്ക് പുറമെ ഉൾപ്രദേശങ്ങളിലേക്കുള്ള റോഡുകളും കോളനികളിലേക്കുള്ള യാത്രാസൗകര്യങ്ങളും മെച്ചപ്പെടുത്താൻ പദ്ധതി നിർവ്വഹണത്തിലൂടെ സാധിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന ഒട്ടുമിക്ക റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുവാനും ഗതാഗതയോഗ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തിന് പുറമെ എം എൽ എ ഫണ്ട്, പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടിയുള്ള കോർപ്പസ് ഫണ്ട്, ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികൾ എന്നിവ വഴി പഞ്ചായത്ത് പരിധിയിലെ പശ്ചാത്തല സംവിധാനം നല്ല രീതിയിൽ മെച്ചപ്പെടുത്താനും ആധുനിക നഗരങ്ങളോട് കിടപിടിക്കുന്ന രീതിയിൽ നമ്മുടെ ഗതാഗത സംവിധാനം മാറ്റിയെടുക്കാനും നമുക്ക് കഴിഞ്ഞ പഞ്ചവൽസര പദ്ധതികാലത്ത് സാധിച്ചിട്ടുണ്ട്. എന്നാലും റോഡുകളുടെ അറ്റകുറ്റപണികൾ ചുരുങ്ങിയത് രണ്ട് വർഷകാലത്തേക്കെങ്കിലും നിർമ്മാണം നടത്തുന്ന വ്യക്തികൾ/ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലേക്ക് കൊണ്ടുവരിക വഴി മാത്രമെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളു. അത്യാധുനിക സംവിധാനങ്ങളോടു കൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ വിഭവ സ്രോതസ്സുകൾ**

ലഭ്യമാക്കുന്നതോടെ റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കുവാനും മെയിന്റനൻസിന് വകയിരുത്തേണ്ട തുകയിൽ കുറവ് വരുത്താനും സാധിക്കും.

സമ്പൂർണ്ണ വൈദ്യുതികരണ യജ്ഞത്തിലൂടെ പഞ്ചായത്ത് പരിധിയിലെ ഉൾപ്രദേശങ്ങളിലെ കോളനികളിൽ പോലും വൈദ്യുതി എത്തിക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ എല്ലാ പ്രദേശങ്ങളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഊർജ്ജമേഖലയിൽ സ്വയംപര്യാപ്തമാകുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം ഉപയോഗപ്പെടുത്തി സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് 7 ലക്ഷം രൂപയും സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് 16 ലക്ഷം രൂപയും ഈ ബഡ്ജറ്റിൽ നീക്കിവെക്കുന്നു. റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിന് 3 കോടി 3 ലക്ഷം രൂപയും നീക്കിവെക്കുന്നു. പശ്ചാത്തല മേഖലയ്ക്ക് 6 കോടി 81 ലക്ഷം രൂപ നീക്കി വെക്കുന്നു.

<u>സദ്ഭരണം</u>

ഏതൊരു സ്ഥാപനത്തെയും ചലിപ്പിക്കുന്നത് ആ സ്ഥാപനത്തിന്റെ ജോലിക്കാരാണ്. അവർക്ക് ജോലി ചെയ്യാൻ ആവിശ്യമായ സാഹചര്യം ഒരുക്കുക എന്നത് ഭരണ കർത്താക്കളുടെ ഉത്തരവാദിത്വമാണ്. ഭരണ കർത്താക്കളും ജീവനക്കാരും ഒത്തൊരിമിച്ച് പോയാൽ മാത്രമേ ഒരു സ്ഥാപനം പ്രവർത്തന മികവിലേക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ. അതിന് ആവിശ്യമായ വേതനം യാത്രാ ബത്ത, പ്രവർത്തനത്തിന് ആവിശ്യമായ വൈദ്യുതി, ജലം,ഇന്റർനെറ്റ്, പ്രിന്റിംഗ് എന്നിവ അത്യാവിശ്യമാണ്. ഈ പഞ്ചായത്തിന്റെ പ്രവർത്തനത്തിന് 17 സ്ഥിരം ജീവനക്കാരും 19 താത്കാലിക ജീവനക്കാരും കോൺട്രാക്ട് ജീവനക്കാരുമാണുള്ളത്. അവരെ നിയന്ത്രിക്കുന്നതിനും അവർക്ക് മാർഗനിർദ്ദേശം നൽകുന്നതിനും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട 19 ജനപ്രതിനിധികളുമാണുള്ളത്. ശമ്പളം, വേതനം, മറ്റ് പ്രവർത്തനത്തിനും വേണ്ടി 2 കോടി 75 ലക്ഷം രൂപ വകയിരുത്തുന്നു.

## പ്രതീക്ഷിക്കുന്ന ചെലവുകൾ

| ക്രമനം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | ജീവനക്കാരുടെ ശബളം | 16500000 |
| 2 | കൂലി ദിവസ വേതനം | 2400000 |
| 3 | ബോണസ് | 100000 |
| 4 | യാത്രബത്ത | 450000 |
| 5 | മറ്റ് ബത്തകൾ | 300000 |
| 6 | ജന പ്രതിനിധികളുടെ ഹോണറേറിയം | 3300000 |
| 7 | ജന പ്രതിനിധികളുടെ സിറ്റിംഗ്ഫീ | 380000 |
| 8 | ജന പ്രതിനിധികളുടെ യാത്രബത്ത | 240000 |
| 9 | പെൻഷൻ കോൺട്രിബ്യൂഷൻ | 2600000 |
| 10 | അവധി ശബളം | 800000 |
| 11 | മറ്റ് സേവന വിരാമ ആനുകൂല്യങ്ങള് | 200000 |
| | ആകെ | 27270000 |

## ഭരണ ചെലവുകൾ

| ക്രമനം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | വാടക | 35000 |
| 2 | നികുതി | 21000 |
| 3 | ഓഫീസ് ചെലവുകള് (ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് മുതലായവ) | 1000000 |
| 4 | പുസ്തകങ്ങളും ആനുകൂല്യങ്ങളും | 150000 |
| 5 | വാർത്ത വിനിമയ ചെലവുകൾ | 400000 |
| 6 | അച്ചടിയും സ്റ്റേഷനറിയും | 750000 |
| 7 | ഇൻഷുറൻസ് രജിസ്ട്രേഷന് | 110000 |
| 8 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകള് | 56000 |
| 9 | പ്രൊഫഷണലൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 60000 |
| 10 | പരസ്യ തുക | 85000 |
| 11 | മെമ്പർഷിപ്പ് വരിസംഖ്യ | 12000 |
| 12 | തെരഞ്ഞെടുപ്പ് ചെലവുകൾ | 300000 |
| 13 | അസാധാരണ ചെലവുകൾ | 200000 |
| 14 | മറ്റ് ഭരണ ചെലവുകൾ | 1300000 |
| | ആകെ | 4587000 |

## സംരക്ഷണനടത്തിപ്പ് ചെലവുകൾ

| ക്രമനം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | വൈദ്യുതി, സ്ട്രീറ്റ് ലൈറ്റ് ചാർജ്ജുകൾ | 10500000 |
| 2 | ഇന്ധന ചെലവുകൾ | 850000 |
| 3 | വാട്ടർ ചാർജ് | 6500000 |
| 4 | വാടക | 400000 |
| 5 | സംരക്ഷണവും അറ്റകുറ്റപണികളും (പൊതു കെട്ടിടങ്ങൾ) | 85000 |
| 6 | സംരക്ഷണവും അറ്റകുറ്റപണികളും (പാലങ്ങളും കലുങ്കുകൾക്കും) | 85000 |
| 7 | സംരക്ഷണവും അറ്റകുറ്റപണികളും (വൈദ്യുതി) | 75000 |
| 8 | സംരക്ഷണവും അറ്റകുറ്റപണികളും (മാലിന്യ നിർമാർജന പദ്ധതികൾ) | 90000 |
| 9 | സംരക്ഷണവും അറ്റകുറ്റപണികളും (ജംഗമ ആസ്തികൾ) | 650000 |
| 10 | സംരക്ഷണവും അറ്റകുറ്റപണികളും മറ്റ് സ്ഥിര ആസ്തികൾ | 350000 |
| 11 | മറ്റ് നടത്തിപ്പ് / മെയിന്റനൻസ് | 1050000 |
| | ആകെ | 20635000 |

## പലിശയും അനുബന്ധ ചെലവുകളും

| ക്രമനം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | ബാങ്ക് ചാർജ് നൽകൽ | |
| 2 | വായ്പകളിൽ മേലുള്ള പലിശ | |
| 3 | ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകള് | |
| 4 | ആകെ | |
| A | അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള ആകെ ചെലവുകൾ | 52492000 |

## പലിശയും അനുബന്ധ ചെലവുകളും

| ക്രമനം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | സാമൂഹ്യസുരക്ഷാ പെൻഷനുകള് തൊഴിൽ രഹിത വേതനം (സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ) | 105800000 |
| B | ആകെ ബി- ഫണ്ടും സംസ്ഥാനവിഷ്കൃത പദ്ധതികളുടെ ചെലവുകൾ | 105800000 |

## പ്ലാൻ ഫണ്ടിൽ നിന്നുള്ള റവന്യൂകാപ്പിറ്റൽ ചെലവുകള്

| ക്രമനം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | തൊഴിലുറപ്പ് പദ്ധതി ചെലവുകൾ | 178696000 |
| 2 | സംയോജിത പദ്ധതികൾക്കുള്ള ചെലവുകൾ | 33600000 |
| 3 | വികസന ഫണ്ട് ജനറൽ | 41721000 |
| 4 | വികസന ഫണ്ട് എസ്.സി.പി | 1668000 |
| 5 | വികസന ഫണ്ട് റ്റി.എസ്.പി | 45545000 |
| 6 | കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| 7 | മെയിന്റനൻസ് ഫണ്ട് റോഡ് | 30380000 |
| 8 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 12724000 |
| 9 | സഹകരണ ബാങ്കിൽ നിന്ന് മറ്റ് സർക്കാർ സ്ഥാപനങ്ങളില് നിന്നുള്ള വായ്പകള് | 60300000 |
| 10 | മറ്റ് ഗ്രാന്റ് ചെലവ് | 93456000 |
| C | ആകെ പ്ലാൻഫണ്ടില് നിന്നുള്ള റവന്യൂകാപ്പിറ്റൽ ചെലവുകൾ | 498096000 |
| | ഒട്ടാകെ ചെലവ് (A+B+C) | 656382000 |

| | |
|---|---|
| **മുൻബാക്കി** | **3082984** |
| **വരവ്** | **657662832** |
| **ആകെ വരവ്** | **660745816** |
| **ആകെ ചെലവുകൾ** | **656382000** |
| **നീക്കി ബാക്കി (മിച്ചം)** | **4363816** |

## സംഗ്രഹം

**2025–26 സാമ്പത്തിക വർഷത്തെ മുൻ ബാക്കി അടക്കം 66 കോടി 56 ലക്ഷം രൂപ വരവും. 65 കോടി 06 ലക്ഷം രൂപ ചിലവും 43 ലക്ഷം രൂപ മിച്ചവും കാണിക്കുന്ന ബഡ്ജറ്റ് ഈ ഭരണ സമിതി മുമ്പാകെ ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കും ചർച്ചകൾക്കും അംഗീകാരത്തിനുമായി നിങ്ങളുടെ സമക്ഷം സമർപ്പിക്കുന്നു.**